# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 28, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും |
| രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി

*241 ശ്രീ. കെ. വി. വിജയദാസ്
,, ഇ. പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ നടക്കുന്നുണ്ടോ; ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എൻ.എച്ച്. 47, എൻ.എച്ച്. 17 എന്നിവ ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഇതിനകം സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദേശീയപാതയുടെ വീതി സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച ഉറപ്പ് എന്തൊക്കെയായിരുന്നു;

(ഡി) റോഡുവികസനപ്രവർത്തനങ്ങൾ എന്നു പൂർത്തിയാക്കാമെന്നു കരുതുന്നു?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ രേഖകൾ</u>

*242

ശ്രീ. സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, കെട്ടിടങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ പാട്ടത്തിനു നൽകിയ വസ്തുവകകളുടെ രേഖകളുടെ പ്രാഥമിക കസ്റ്റോഡിയനായി ചുമതല നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്നും, പ്രസ്തുത രേഖകളുടെ കൺസോളിഡേറ്റ് ചെയ്ത വിവരങ്ങൾ എവിടെയെല്ലാം സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ വസ്തുവകകളുടെ പൂർണ്ണമായ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പാട്ടത്തിന് നൽകിയ വസ്തുവകകളുടെ അടിസ്ഥാന രേഖകളിൽ കൃത്രിമം നടത്തിയും, രേഖകൾ നശിപ്പിച്ചും, വ്യാജ ഉടമസ്ഥാവകാശം നേടി, കൈമാറ്റം ചെയ്യപ്പെട്ട പൊതുമുതലുകളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>റേഷന്‍ വിതരണത്തിലെ അപാകതകള്‍</u>

*243 ശ്രീ. എ.കെ. ബാലന്‍
,, കെ.കെ. നാരായണന്‍
ശ്രീമതി കെ.കെ. ലതിക
ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് ഭക്ഷ്യവസ്തുക്കളുടെ അലോട്ട്മെന്റില്‍ കേന്ദ്രം കുറവ് വരുത്തിയിട്ടുണ്ടോ; എങ്കില്‍ എപ്പോഴെല്ലാം;

(ബി) റേഷന്‍ ഷോപ്പുകളിലെത്തുന്ന ദുര്‍ബലവിഭാഗക്കാര്‍ സ്റ്റോക്കില്ലെന്ന പല്ലവി കേള്‍ക്കേണ്ടിവരുന്നതും കബളിപ്പിക്കപ്പെടുന്നതും അറിയാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ നിർബന്ധമാക്കൽ</u>

*244 ശ്രീ. ബി. സത്യൻ
,, കെ. രാധാകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മലയാളം പഠിപ്പിക്കാത്ത അൺ എയ്ഡഡ് -സിബി.എസ്.ഇ -ഐ.സി.എസ്.ഇ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) സംസ്ഥാനത്തെ കേന്ദ്രീയവിദ്യാലയങ്ങളിൽ മലയാളം സിലബസിലുൾപ്പെടുത്തി പഠിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക്ക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള റോഡു നിർമ്മാണം</u>

*245 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാസ്റ്റിക്ക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള റോഡു നിർമ്മാണത്തിന് നിലവിൽ എന്തു സംവിധാനമാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

സുരക്ഷായനം 2012 അന്താരാഷ്ട്ര ശിൽപശാല

*246

ശ്രീ. എ. റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷായനം 2012 അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ആയതു വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യപ്പെട്ടത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം</u>

*247 ശ്രീ. കെ. സുരേഷ് കുറുപ്പ്
'' എം.എ. ബേബി
'' ആർ. രാജേഷ്
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പാഠ്യപദ്ധതിയിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; ഇതുനു മുമ്പ് പാഠ്യപദ്ധതി പരിഷ്കരണം നടന്നത് ഏത് വർഷത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നയരേഖ സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) പരിഷ്കരണം സംബന്ധിച്ച് വിദഗ്ദ്ധസമിതി അംഗങ്ങൾ തന്നെ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുകയുണ്ടായോ;

(ഡി) കരിക്കുലം കമ്മിറ്റിയേയും വിദ്യാഭ്യാസ വിദഗ്ദ്ധരേയും മറികടന്നുള്ള പാഠ്യപദ്ധതി പരിഷ്കരണം സ്കൂളുകളിലെ അക്കാദമിക് പ്രവർത്തനങ്ങളെ പിറകോട്ടടിപ്പിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ അക്കാദമിക് പിൻബലമില്ലാത്ത പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പുന:പരിശോധിക്കുന്നതിനും പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് നിർത്തിവെപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം

*248 ശ്രീ. സി. പി. മുഹമ്മദ്
'' കെ. അച്ചുതൻ
'' വർക്കല കഹാർ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) എന്ന് മുതലാണ് പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണം</u>

*249 ശ്രീ. വി. ശശി
,, സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർ, വൃദ്ധർ എന്നിവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായി അവശ്യവസ്തുക്കൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സാധനങ്ങൾ എത്ര അളവിൽ വീതം എന്ത് വിലയ്ക്ക് നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സാധനങ്ങൾ ലഭിക്കുന്നതിനുള്ള പെർമിറ്റ് യഥാസമയം ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം പെർമിറ്റ് നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ സാധനങ്ങളുടെ വില</u>

*250

ശ്രീ. എ. പ്രദീപ്കുമാര്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കള്‍ക്ക് വില വര്‍ദ്ധിപ്പിക്കുകയുണ്ടായോ;

(ബി) ഏതെല്ലാം വസ്തുക്കള്‍ക്ക് എത്ര ശതമാനം നിരക്കിലാണ് വില വര്‍ദ്ധനവ് എന്ന് വെളിപ്പെടുത്താമോ;

(സി) പൊതുവിപണിയില്‍ വിലനിലവാരം കുതിച്ചുയര്‍ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ പൊതുജനങ്ങള്‍ക്ക് ആശ്വാസമേകേണ്ട മാവേലി സ്റ്റോറുകളിലും മറ്റും ഭക്ഷ്യ വസ്തുക്കള്‍ക്ക് വില വര്‍ദ്ധിപ്പിച്ച നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി) വില വര്‍ദ്ധിപ്പിച്ച നടപടി പുന:പരിശോധിക്കുന്നതിനും കൂടുതല്‍ ഭക്ഷ്യവസ്തുക്കള്‍ പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ നിരക്കില്‍ വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ</u>

*251 ശ്രീ. കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ:

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഒരു രൂപ, രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം

*252 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1 രൂപ, 2 രൂപ നിരക്കിലുള്ള അരി വിതരണം കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിതരണ സംവിധാനം വഴി നൽകുന്ന അവശ്യ വസ്തുക്കൾ കൃത്യമായി ജനങ്ങൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കലോല്‍സവ മത്സരങ്ങളില്‍ അനാരോഗ്യപ്രവണതകള്‍</u>

*253 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ കലോല്‍സവ മത്സരങ്ങളില്‍ അപ്പീലുകളുടെ എണ്ണം ക്രമാതീതമായി വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അപ്പീലുകളുടെ എണ്ണം വര്‍ദ്ധിച്ചു വരുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) മത്സരങ്ങളിലെ അനാരോഗ്യ പ്രവണതകള്‍ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് സംവിധാനം</u>

*254 ശ്രീ. ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നത്;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ നയം</u>

*255 ശ്രീ. ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക് ശമ്പളം മാറാൻ അധികാരം</u>

*256 ശ്രീ. എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപകർക്ക് ശമ്പളം മാറാൻ അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജീവനക്കാരുടെ ശമ്പളം മാറാനാണ് ഇത്തരത്തിൽ അധികാരം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുകൊണ്ടുണ്ടായ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സ്വകാര്യ സർവ്വകലാശാലകൾ</u>

*257 ശ്രീ. ആർ. രാജേഷ്
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യ സർവ്വകലാശാലകൾക്ക് കോഴ്സ് തുടങ്ങുന്നതിന് സർക്കാർ കോളേജുകൾ വിട്ടു നല്കുന്നതിന് നീക്കം നടക്കുന്നുണ്ടോ ;

(സി) വിദേശ സർവ്വകലാശാലകളുടെ അന്താരാഷ്ട്ര കോഴ്സുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതും വിദേശ സർവ്വകലാശാലകൾക്ക് കോഴ്സ് നടത്തുന്നതിന് അനുമതി നൽകുന്നതും സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പാഠപുസ്തകങ്ങളിലെ ലിപി പരിവർത്തനം</u>

*258 ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ പഴയ ലിപിയിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ലിപിമാറ്റം സംബന്ധിച്ച് വിദഗ്ദ്ധ സമിതിയെ റിപ്പോർട്ട് നൽകാൻ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ലിപിമാറ്റം സംബന്ധിച്ചുള്ള കരിക്കുലം കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ലിപിമാറ്റം എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ലൈബ്രറി കൗണ്‍സില്‍ നേരിടുന്ന പ്രതിസന്ധി</u>

*259

ശ്രീ. കെ. കെ. നാരായണന്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ലൈബ്രേറിയന്മാര്‍ക്ക് നല്‍കുന്ന അലവന്‍സ് കൃത്യമായി നല്‍കാന്‍ കഴിയാത്തത് ലൈബ്രറികളുടെ പ്രവര്‍ത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാമ്പത്തിക വര്‍ഷം നാളിതുവരെ എന്തു തുകയാണ് കൗണ്‍സിലിന് നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുഗ്രന്ഥശാലാ സംവിധാനമാകെ സ്തംഭിക്കാനിടവരുത്തുന്ന ഗ്രന്ഥശാലാ കൗണ്‍സിലിനോടുള്ള സര്‍ക്കാരിന്റെ പ്രതികൂല സമീപനം തിരുത്തുന്നതിനും, അര്‍ഹമായതും നിയമസഭ പാസ്സാക്കിയിട്ടുള്ളതുമായ ഗ്രാന്റ് ഉടന്‍ വിതരണം ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള നിർമ്മാണ കമ്പനിക്കായി</u>
<u>സർക്കാർ ഭൂമി</u>

*260 ശ്രീ. സി.കെ. സദാശിവൻ
'' എസ്. രാജേന്ദ്രൻ
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള നിർമ്മാണ കമ്പനിക്ക് സർക്കാർ ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭൂമി സർക്കാർ അധീനതയിലുളള മിച്ചഭൂമിയാണോ; വ്യക്തമാക്കാമോ;

(സി) ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥ പ്രകാരമാണോ ഇത് നൽകുന്നത്;

(ഡി) സ്വകാര്യ ആവശ്യങ്ങൾക്ക് മിച്ചഭൂമി നൽകുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിയമ വിരുദ്ധമായ തീരുമാനം പിൻവലിക്കുമോ?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>രാഷ്ട്രീയ ഉച്ചതര്‍ ശിക്ഷാ അഭിയാന്‍</u>

*261 ശ്രീ. ജി. എസ്. ജയലാല്‍
,, മുല്ലക്കര രത്നാകരന്‍
,, ഇ. കെ. വിജയന്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'റൂസ' ഫണ്ടിങ്ങിനായി അംഗീകരിച്ച പദ്ധതികളില്‍ ഭൂരിഭാഗവും സംസ്ഥാനത്തിന് ലഭിക്കാന്‍ സാദ്ധ്യതയില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം ഹയര്‍ എഡ്യൂക്കേഷന്‍ കൗണ്‍സിലുകള്‍ രൂപീകരിക്കേണ്ടതുണ്ടോ; ഈ കൗണ്‍സിലുകളുടെ പ്രവര്‍ത്തനം ഏതു രീതിയിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പി. ഡബ്ല്യൂ. ഡി. മാന്വല്‍ പരിഷ്ക്കരണം</u>

*262 ശ്രീ. പി. എ. മാധവന്‍
,, ഹൈബി ഈഡന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി. ഡബ്ല്യൂ. ഡി. മാന്വല്‍ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്ക്കരിച്ച മാന്വലില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പരിഷ്ക്കരിച്ച മാന്വല്‍ പ്രാബല്യത്തില്‍ വരുത്തുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>തൊണ്ട് സംഭരണ പദ്ധതി</u>

*263 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിഷ്ക്കരിച്ച തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഇ-ജില്ലാ പ്രോജക്ട് പദ്ധതി

*264 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിന്റെ നേതൃത്വത്തിൽ ഇ-ജില്ലാ പ്രോജക്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കോമൺ സർവ്വീസ് സെന്ററുകൾ മുഖേന സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി</u>

*265 ശ്രീ. ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മരാമത്ത് പണികൾക്ക് കരാറുകാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ</u>

*266 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികൾക്ക് കരാറുകാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) വ്യവസ്ഥകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ അകാരണമായി പണി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പണികളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

*267 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കടത്തികൊണ്ടുപോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമം

*268 ശ്രീ. പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമവ്യവസ്ഥകളുമായി അതിൽ പ്രകടമായിട്ടുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര നിയമവ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം ആവശ്യമാണെന്നു കരുതുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ദേശീയ വിദ്യാഭ്യാസ പദ്ധതി</u>

*269 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഭൂമി

*270 ശ്രീ. ബി. ഡി. ദേവസ്സി
'' ഇ. പി. ജയരാജൻ
'' പി. കെ. ഗുരുദാസൻ
'' കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ യെന്താണ്; വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കോടതികളിൽ നടക്കുന്ന കേസ്സുക ളിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ കഴി യുന്നുണ്ടോ;

(സി) കമ്പനി കോടതികളിൽ തെളിവിനായി നൽകിയിട്ടുള്ള ഭൂരേഖകൾ വിജിലൻസ് വകുപ്പ് പരിശോധിക്കുകയു ണ്ടായോ; രേഖകൾ വ്യാജമായി നിർമ്മിച്ചതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് റവന്യൂ വകു പ്പിന് ലഭിച്ചിട്ടുണ്ടോ;

(ഇ) വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടിൽ വ്യാജരേഖ ചമക്കു ന്നതിലും തെറ്റായ രേഖകൾ കോടതിയിൽ സമർപ്പിക്കുന്ന തിലും റവന്യൂ ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി പരാമർശ മുണ്ടോ; വിശദമാക്കാമോ;

(എഫ്) ഇതു സംബന്ധിച്ച് റവന്യൂവകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 19.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരി ക്കേണ്ടതാണ്.[ചട്ടം 47(1)].